**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ - ഷീബ ജോർജ്ജ് ഐഎഎസ്)**

**ഉത്തരവ് നമ്പർ ഇ9-8712/19** **തിരുവനന്തപുരം**
**തീയതി : 10/10/2019**

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – പെൻഡിംഗ് ഫയൽ തീർപ്പാക്കൽ യജ്ഞം – 12/10/2019 പ്രവർത്തി ദിവസമായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03/10/2019 ന് ചേർന്ന മീറ്റിംഗ് തീരുമാനം

സാമൂഹ്യനീതി വകുപ്പിലെ പെൻഡിംഗ് ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിനായി 09-10-2019 മുതൽ 12-10-2019 വരെയുള്ള തീയതികളിൽ ഫയൽ തീർപ്പാക്കൽ യജ്ഞം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതു അവധി ദിവസമായ 12/10/2019 ന് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ പെൻഡിംഗ് ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിനായുള്ള യജ്ഞത്തിൽ ഈ കാര്യാലയത്തിലെ എല്ലാ ജീവനക്കാരും പങ്കെടുക്കേണ്ടതും പൊതു അവധി ദിവസമായ 12/10/2019 ന് എല്ലാ ജീവനക്കാരും ഓഫീസിൽ ഹാജരാകേണ്ടതുമാണ്. പ്രസ്തുത ദിവസം ജോലിയ്ക്ക് ഹാജരാകുന്ന ജീവനക്കാർക്ക് Compensation Off ന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

1. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും
2. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ ക്ക്
3. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്